# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ഭൂമി വിലനിർണ്ണയം</u>

6879 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിന് ഉഭയകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ വാല്യൂവേഷൻ നടപടികളിൽ വലിയ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ നിലവിലുള്ള നടപടി ക്രമങ്ങളിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്താൻ തയ്യാറാവുമോ ;

(ബി) പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ നിലവിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ലാന്റ് അക്വിസിഷൻ നിയമം</u>

6880 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ കാതലായ മാറ്റം വരുത്തുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ്</u>

6881 ശ്രീ.വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യു വകുപ്പ് റിവർ മാനേജ്മെന്റ് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നേമം നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചു വിശദമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഭൂനികുതിക്ക് ഡി. സി. ബി. സ്റ്റേറ്റ്മെന്റ്

6882 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി സംബന്ധമായി വില്ലേജ് ഓഫീസുകളിൽ എന്തെല്ലാം രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്നും ആയവയിൽ ഏതെല്ലാം വിവരങ്ങളാണ് എഴുതുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഭൂനികുതി അടയ്ക്കേണ്ടവർ ആരെല്ലാമെന്നും അവർ എത്ര തുക ഭൂനികുതിയിനത്തിൽ അടയ്ക്കാനുണ്ടെന്നും ഭൂനികുതിദായകരെ അറിയിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ സംവിധാനമുണ്ടോയെന്നും അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഭൂനികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

## റിവർ മാനേജ്മെന്റ് ഫണ്ട്

6883 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട ഓരോ പ്രവൃത്തികളുടെയും അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏതു വർഷം തയ്യാറാക്കിയതാണെന്നും പ്രസ്തുത പ്രവൃത്തികൾ പി.ഡബ്ലിയൂ.ഡി.യുടെ പുതുക്കിയ ഷെഡ്യൂൾ നിരക്ക് പ്രകാരം ഇപ്പോൾ ടെൻഡർ ചെയ്യുന്നതിന് തടസ്സമുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ ടെൻഡർ ചെയ്യപ്പെടാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

റിവർ മാനേജ്മെന്റ് ഫണ്ട്

6884 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയിരുന്ന എത്ര പ്രവൃത്തികളാണ് ഇപ്പോൾ നിർമ്മാണം നടത്തേണ്ടതില്ലായെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഓരോ കളക്ടർമാരുടെ പക്കലും ഇപ്പോൾ ആർ.എം.എഫ്.ൽ ഉള്ള തുക എത്രവീതമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ജില്ലയിലെ ഓരോ നദിയിൽ നിന്നും കഴിഞ്ഞ അഞ്ചു വർഷവും എത്രവീതം റവന്യൂവാണ് ആർ.എം.എഫ്.ലേക്ക് ലഭിച്ചിട്ടുള്ളതെന്ന്, നദിയുടെ പേരും ഓരോ വർഷം ലഭിച്ച തുകയും സഹിതം വ്യക്തമാക്കാമോ;

(സി) ഇക്കഴിഞ്ഞ അഞ്ചുവർഷം ആർ.എം.എഫ്. ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ ഏതൊക്കെയാണെന്ന് പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും നദിയുടെ പേരും സഹിതം വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഉത്തരവുമൂലം ഇപ്പോൾ നിർത്തിവെച്ചിട്ടുള്ള പ്രവൃത്തികൾ പുനരാരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സർക്കാർവക പാറപുറമ്പോക്കു ഭൂമി കൈയ്യേറ്റത്തിനെതിരെ നടപടി</u>

6885 **ശ്രീ. കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ വാർഡ് നമ്പർ 6 ഉം ബ്ലോക്ക് നമ്പർ 66 ഉം സർവ്വേ നമ്പർ 16 ഉം ഉൾപ്പെട്ട സർക്കാർ വക പാറപുറമ്പോക്കു ഭൂമി കൈയേറി തുണ്ടുതുണ്ടുകളായി തിരിച്ച് വില്പന നടത്തിയ ഒരു സ്വകാര്യ വ്യക്തിക്കെതിരെ നാളിതുവരെ നടപടി സ്വീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;:

(ബി) സർക്കാർവക പാറപുറമ്പോക്കു ഭൂമി കൈയേറുവാനും അത് വില്പന നടത്തുവാനും ഒത്താശചെയ്തു നൽകിയ റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർവക ഭൂമി അടിയന്തിരമായി തിരിച്ചുപിടിക്കുവാനും ഭൂമി കൈയേറിയവർക്കെതിരെ ക്രിമിനലായും സിവിലായും കേസ് ചാർജ്ജ് ചെയ്യുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വസ്തു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടി</u>

6886 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ചീനിക്കോണം മണികണ്ഠേശ്വരം വാർഡിൽ കൈലാസ് നഗറിൽ സർവ്വേ നമ്പർ 902/38-ൽ ഉൾപ്പെടുന്ന ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വേ നമ്പർ 230/36-ൽ 1-25 ആർ വിസ്തീർണ്ണമുളള വസ്തു ആരുടെ പേരിലെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വസ്തു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് തടസ്സം നിൽക്കുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്ന് വില്ലേജിൽ പാതിരിപ്പളളി വാർഡിൽ ത്രിവേണി ഗാർഡൻസ് കകക ലൈൻ കുഴിവിള വീട്ടിൽ ചെല്ലമ്മ മകൾ ശ്രീമതി. റോസമ്മ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടുവോ; ആയതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) വികലാംഗയും അവിവാഹിതയുമായ പ്രസ്തുത വ്യക്തിയുടെ വസ്തു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തിര മേൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കേരള ഇൻഫ്രാസ്ട്രക്ചർ ബോണ്ട്</u>

6887 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി നൽകുന്നവർക്ക് ന്യായമായ വില ലഭിക്കുവാനും ഒഴിപ്പിക്കലിന്റെ പേരിലുളള പ്രശ്നങ്ങൾ ഒഴിവാക്കാനും റവന്യൂ വകുപ്പ് കേരള ഇൻഫ്രാസ്ട്രക്ചർ ബോണ്ട് സമ്പ്രദായത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ബോണ്ട് സംവിധാനത്തിന്റെ നടത്തിപ്പിനായി കേരള ഭൂവിനിയോഗ ബാങ്ക് രൂപീകരിക്കുമോ;

(ഡി) എങ്കിൽ നിയമനിർമ്മാണത്തിലൂടെ ആയിരിക്കുമോ ഇതിന് രൂപം നൽകുക;

(ഇ) ഇൻഫ്രാസ്ട്രക്ചർ ബോണ്ടിനു പുറമെ ലാന്റ് യൂട്ടിലിറ്റി ബോണ്ടും ഇറക്കുന്ന കാര്യം ബാങ്കിന്റെ പരിഗണനയിൽ വരുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>മണൽ കടവുകളുടെ പ്രവർത്തനം</u>

6888 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽകടവുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എറണാകുളം ജില്ലയിൽ അനുവദിക്കപ്പെട്ട കടവുകളുടെ വിശദവിവരം അറിയിക്കുമോ ;

(സി) പെരിയാർ നദിയിൽ പുതിയ കടവുകൾ തുറക്കുവാൻ വേങ്ങൂർ ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ഡി) വേങ്ങൂർ പഞ്ചായത്തിലെ അനുയോജ്യമായ കടവുകൾ തുറക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഇല്ല എങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>നാദാപുരം മണ്ഡലത്തിലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമി</u>

6889 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ സർക്കാർ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന എത്ര സെന്റ് ഭൂമിയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

കെ.എൽ.യു. ഭൂമി തരംമാറ്റം സംബന്ധിച്ച്

6890 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകളിൽ നിന്നും ഡാറ്റാ ബാങ്ക് സംബന്ധിച്ച നോട്ടിഫിക്കേഷനുവേണ്ടി തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേക്ക് അയച്ച ഡാറ്റകൾ ഇതുവരെ പ്രസിദ്ധീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പ്രസിദ്ധീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കാൻ നടപടി</u>

6891 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാടശേഖരങ്ങളും നീർത്തടങ്ങളും മണ്ണിട്ട് നികത്തുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സർക്കാർ അധികാരമേറ്റ ശേഷം പാടശേഖരങ്ങളും നീർത്തടങ്ങളും മണ്ണിട്ട് നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം നികത്തിയിട്ടുള്ളവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

6892 ശ്രീ.എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ഈ വർഷം കൊല്ലം ജില്ലയിൽ എത്ര തുക വിനിയോഗിച്ചു; എത്ര തുക ബാക്കിയുണ്ട്;

(ബി) ഇതിൻപ്രകാരം ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദാംശവും ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർണ്ണമായും ഏതു വകുപ്പാണ് മേൽനോട്ടം വഹിക്കുന്നത്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>നിയമപരമായ ഉടമസ്ഥാവകാശങ്ങൾ</u>

6893 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വടക്കെകളം, കൊട്ടിയൂർ, അമ്പലക്കണ്ടി, എടപ്പുഴ, പാലത്തുംകടവ് തുടങ്ങിയ സ്ഥലങ്ങളിൽ കർഷകർ പ്രതിഫലം നൽകി വാങ്ങിയിട്ടുള്ളതും പതിറ്റാണ്ടുകളായി കൈവശം വെക്കുന്നതും ഫലവൃക്ഷങ്ങൾ നട്ടുവളർത്തിയും ഭവനങ്ങൾ പണിതും അഭിവൃദ്ധിപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിക്ക് സാങ്കേതിക തടസ്സങ്ങൾ നീക്കി നിയമപരമായ ഉടമസ്ഥാവകാശങ്ങൾ നൽകുന്നതിനുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനാവശ്യമായ നിയമഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) മേൽപ്പറഞ്ഞ പ്രകാരം ഭൂമി കൈവശം വയ്ക്കുന്നവരുടെ പക്കൽ നിന്നും അന്തിമതീരുമാനത്തിന് വിധേയമായെങ്കിലും ഭൂനികുതി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വരുമാന സർട്ടിഫിക്കറ്റ്</u>

6894 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പ് മന്ത്രിയുടെയും ധനസഹായത്തിനു വേണ്ടി വില്ലേജ് ഓഫീസുകളിൽ നിന്ന് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിന് ഇപ്പോൾ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഇത്തരം അപേക്ഷകൾ എം.എൽ.എ.മാർ നേരിട്ട് ബന്ധപ്പെട്ടവർക്ക് സമർപ്പിക്കുമ്പോൾ അതിൽ ഇത്തരം സർട്ടിഫിക്കറ്റുകൾ ആവശ്യമാണെന്നിരിക്കെ ആവശ്യമായ അന്വേഷണം നടത്തി വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിന് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

6895 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കി വരുന്നത്;

(ബി) എത്ര രൂപയാണ് പദ്ധതിക്കായി ആലപ്പുഴ ജില്ലയ്ക്കുള്ളത്;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കായലിനോട് ചേർന്നുകിടക്കുന്ന അരൂർ മണ്ഡലത്തിലെ ചന്തിരൂർ പുത്തൻതോട് ആഴം കൂട്ടി ശുചീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>പാങ്ങപ്പാറയിൽ കൈത്തോട് നികത്തുന്നത് സംബന്ധിച്ച്</u>

6896 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പാങ്ങപ്പാറ വില്ലേജിൽ കാര്യവട്ടം വിയാറ്റുകോണത്ത് കൈത്തോട് നികത്തുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ. മധുസൂദനൻ, ഫയൽ നമ്പർ 5611/2011 പ്രകാരം 1.10.2011 ൽ തിരുവനന്തപുരം കളക്ടർക്ക് നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തോട് നികത്തുന്നത് സംബന്ധിച്ച് വില്ലേജ് ഓഫീസർ റിപ്പോർട്ട് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചത്; റിപ്പോർട്ടിൻമേൽ കളക്ടർ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തോട് പൂർവ്വ സ്ഥിതിയിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പരാതി സംബന്ധിച്ച് മൈനർ ഇറിഗേഷൻ അന്വേഷിച്ച് കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ട് വാങ്ങുവാൻ നടപടി സ്വീകരിക്കുമോ; റിപ്പോർട്ട് കിട്ടിയിട്ടുണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മാവേലിക്കര - വില്ലേജ് ഓഫീസുകളുടെ</u>
<u>കമ്പ്യൂട്ടർവൽക്കരണം</u>

6897 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സം ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കുടുംബ പെൻഷൻ ലഭ്യമാക്കുന്നതിന് നടപടി</u>

6898 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ റീസർവ്വേ ആഫീസിൽ ജോലി നോക്കവെ മരണപ്പെട്ട റ്റി.ഐ. പ്രസന്നകുമാരിയുടെ മാതാവ് തങ്കമണിക്ക് കുടുംബപെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി സർവ്വെ & ഭൂരേഖാ വകുപ്പ് ഡയറക്ടറുടെ ആഫീസിൽ ഉള്ള എഥ 25244/05 നമ്പർ ഫയലിൽ നാളിതുവരെ എടുത്ത നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ തങ്കമണിക്ക് ലഭ്യമാക്കുന്നതിന് നിയമപരമായി തടസ്സങ്ങൾ ഇല്ലാത്തപക്ഷം ആയത് താമസം വിന നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

6899 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലാക്കാട് ജില്ലയിൽ, ആലത്തൂർ താലൂക്കിൽ കണ്ണമ്പ്ര - 1 വില്ലേജിൽ പന്നിയങ്കര, തണ്ടേൽ വീട്ടിൽ ജോസഫ് -ലീലാമ്മ ദമ്പതികളുടെ മകളായ സബിത. വി.-ക്ക് ജനന സ്ഥലം തെളിയിക്കുന്നതിന് വേണ്ടിയുള്ള സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ട് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വ്യക്തിക്ക് ജനനസ്ഥലം തെളിയിക്കുന്നതിന് സർട്ടിഫിക്കറ്റ് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

താലൂക്ക് ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ

6900 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ താലൂക്ക് ലാൻഡ് ബോർഡുകളിൽ തീർപ്പാകാതെ കിടക്കുന്ന എത്ര കേസുകൾ ഉണ്ടെന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ബി) ആകെ എത്ര ഏക്കർ ഭൂമിയാണ് പ്രസ്തുത കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) സംസ്ഥാന ലാൻഡ് ബോർഡിൽ തീർപ്പ് കല്പ്പിക്കാൻ എത്ര കേസുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇവിടെനിന്നുമുള്ള എത്ര കേസുകളിലാണ് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും അപ്പീലുകൾ നിലവിലുള്ളതെന്നറിയിക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭങ്ങൾ</u>

6901 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടി, മിന്നൽ എന്നിവമൂലമുള്ള പ്രത്യാഘാതങ്ങൾ പ്രകൃതിക്ഷോഭത്തിന്റെ പട്ടികയിൽ നിന്ന് കേന്ദ്ര സർക്കാർ ഒഴിവാക്കിയ നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടിയും മിന്നലുമേറ്റ് വീടുകളും വസ്തുവകകളും നഷ്ടപ്പെട്ടാൽ ഇപ്പോൾ നഷ്ടപരിഹാരം നൽകിവരുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പേരാമ്പ്രയിലെ റഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റി വക ഭൂമി സ്വകാര്യ വ്യക്തിക്ക് വിട്ടുകൊടുത്ത ഉത്തരവ്</u>

6902 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിലെ റഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റി വക ഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്ത ഉത്തരവ് റദ്ദു ചെയ്ത് ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ടിട്ടുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് അറിയിച്ചുകൊണ്ടുള്ള അഡ്വക്കേറ്റ് ജനറലിന്റെ കത്ത് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>മല്ലൂർകടവിൽ ലൈഫ് ഗാർഡുകളുടെ സേവനം</u>

6903 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം മല്ലൂർകടവിലെ മിനി പമ്പയിൽ കുളിക്കാനിറങ്ങുന്നവർ മുങ്ങിമരിക്കുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമല സീസൺ ആരംഭിക്കുന്നതിനു മുമ്പായി മല്ലൂർകടവിൽ കുറ്റിപ്പുറം പാലത്തിന്റെ ഇരുഭാഗങ്ങളിലും എന്തൊക്കെ സജ്ജീകരണങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഇവിടെ എത്ര ലൈഫ് ഗാർഡുകളുടെ സേവനമാണ് ഉപയോഗപ്പെടുത്തുന്നത്;

(ഡി) ശബരിമല സീസണിൽ എട്ട് ലൈഫ് ഗാർഡുകളുടേയും അല്ലാത്ത സമയങ്ങളിൽ നാല് ലൈഫ് ഗാർഡുകളുടേയും സേവനം ഇവിടെ ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് സർവ്വീസ് കാലയളവ്</u>

6904 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് റീസർവ്വേ സൂപ്രണ്ട് ഓഫീസിലെ ഒന്നാം ഗ്രേഡ് സർവ്വേയർ ആയി പെൻഷൻ പറ്റിയ എം. കൃഷ്ണൻ നായരുടെ, എംപ്ലോയ്മെന്റ് സർവ്വീസ് കാലയളവ് കൂടി പെൻഷന് പരിഗണിക്കണം എന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേലും ആയതിന്മേൽ കുട്ടനാട് റീസർവ്വേ സൂപ്രണ്ടിന്റെ റിപ്പോർട്ടിന്മേലും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യക്തി സർവ്വീസ് തസ്തികയിൽ തന്നെ എംപ്ലോയ്മെന്റിൽ നിന്നും സേവനം ചെയ്തിട്ടുള്ളതിനാൽ ന്യായമായി ലഭിക്കേണ്ട ഇൻക്രിമെന്റ്, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ പുനഃക്രമീകരിച്ച് അടിയന്തിരമായി നല്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ആയതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൃഷ്ണൻ നായരുടെ ആരോഗ്യ സ്ഥിതി പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഇ) പ്രസ്തുത വിഷയത്തിൽ എന്ത് അന്തിമ തീർപ്പ് കല്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ</u>

6905 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതിവഴി ഏതൊക്കെ പഞ്ചായത്തുകളിലാണ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നത്;

(ബി) എത്ര ഷെൽട്ടർ വീതമാണ് നിർമ്മിക്കുന്നത്; ഓരോ ഷെൽട്ടറിനും ചെലവാകുന്ന തുക എത്ര വീതമാണ്;

(സി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനവിനിയോഗം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്</u>

6906 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടുള്ള വെളളപ്പൊക്കദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ചുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ചതും പൂർത്തീകരിക്കപ്പെട്ടതുമായ പ്രവർത്തികളുടെ തുക കുടിശ്ശിക ഇല്ലാതെ നൽകുന്നുണ്ടോ;

(സി) കുടിശ്ശിക ഉണ്ടെങ്കിൽ ഏത് കാലാവധി വരെ ഉള്ള തുക മാറി നൽകുന്നുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി</u>

6907 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻ കീഴിൽ പണി പൂർത്തിയായ പദ്ധതികൾക്ക് ഇനി എത്ര രൂപ കൊടുത്തു തീർക്കാനുണ്ട് എന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) ഇത് എപ്പോൾ കൊടുത്തു തീർക്കുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി</u>

6908 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം എത്ര രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, ചെലവഴിച്ച തുകയുടെ കണക്കും വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) വിവിധ കാരണങ്ങളാൽ ഇതുവരെയായി കാൻസൽ ചെയ്ത പ്രവൃത്തികളുടെ ലിസ്റ്റും തുകയും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള ഭരണാനുമതി ലഭിച്ച റോഡുകളുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ഫ്ളഡ് റിലീഫ് വർക്കുകൾ</u>

6909 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഫ്ളഡ് റിലീഫ് വർക്കുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കഴിഞ്ഞ സർക്കാർ അനുവദിച്ച പ്രവൃത്തികൾ റദ്ദ് ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ അങ്കമാലി നിയോജക മണ്ഡലത്തിലെ അനുവദിക്കപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് റദ്ദു ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ</u>
<u>ഉൾപ്പെടുത്തിയ വർക്കുകൾ</u>

6910 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി വർക്കുകൾ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഫണ്ട് അനുവദിച്ച് ഉത്തരവായതിന് ശേഷം വർക്ക് ഏറ്റെടുത്തു ചെയ്യുന്നത് വരെയുള്ള നടപടിക്രമങ്ങളുടെ ബുദ്ധിമുട്ടുകൾ കാരണം പല സ്ഥലങ്ങളിലും വർക്കുകൾ പൂർണ്ണമായി നടപ്പാക്കാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സുതാര്യമായും കാലതാമസം കൂടാതെയും വർക്കുകൾ ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിയ്ക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ദുരന്തനിവാരണപ്രവര്‍ത്തനങ്ങള്‍</u>

6911 ശ്രീ. റ്റി.യു കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവര്‍ത്തനങ്ങള്‍ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളില്‍ ദുരന്തനിവാരണ അതോറിറ്റികള്‍ രൂപീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇവയുടെ പ്രവര്‍ത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) ദുരന്തനിവാരണ മേഖലയില്‍ പ്രവര്‍ത്തിക്കുന്നവര്‍ക്ക് നല്‍കിവരുന്ന പരിശീലന പരിപാടികളുടെ വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

6912 ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) ദുരന്തത്തിനു ശേഷം ഇടപെടുക എന്ന രീതിയിൽ നിന്ന് ദുരന്തത്തിന് മുമ്പ് ശാക്തീകരിക്കുക എന്ന രീതിക്ക് മുൻഗണന നൽകുമോ;

(സി) ഇതിനായി എല്ലാ വിഭാഗം ജനങ്ങളെയും കൂട്ടായി പരിശ്രമിപ്പിക്കുന്നതിന് നടപടി എടുക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ദുരന്തനിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടപടി</u>

6913 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ഡി) നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അരൂർ മിനി സിവിൽ സ്റ്റേഷൻ</u>

6914 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് ഈ വർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അരൂർ പഞ്ചായത്തിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ അരൂരിൽ നിന്നും 1/2 കി. മി. അകലത്തിലുള്ള അരൂക്കുറ്റി പഞ്ചായത്തിൽ ആശുപത്രി വക 5.5 ഏക്കർ സ്ഥലത്തുനിന്നും മിനി സിവിൽ സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) അപ്രകാരം ലഭ്യമാക്കുന്ന സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>കുറുമാത്തൂർ ഗവൺമെന്റ് ഐ.ടി.ഐ - ക്ക് കെട്ടിടം</u>

6915 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് കുറുമാത്തൂർ ഗവൺമെന്റ് ഐ.ടി.ഐ കെട്ടിടം പണിയുന്നതിലേക്കായി ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടിയുടെ വിശദാംശം അറിയിക്കാമോ;

(ബി) നടപടികൾ പൂർത്തിയാക്കി എന്ന് ഭൂമി ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ബാലുശ്ശേരി മുക്ക് വികസനം

6916 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹൈവേ 34 (കെ.ടി.എം.ഇ.എ)യിൽ ബാലുശ്ശേരി മുക്കിൽ ജംഗ്ഷൻ നവീകരണത്തിന് ലാന്റ് അകവിസിഷൻ നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തിക്കുവേണ്ടി സ്ഥലം എപ്പോൾ ലഭ്യമാക്കുമെന്ന് പ്രഖ്യാപിക്കാമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് നടപടി</u>

6917 ശ്രീ.എം. എ. വാഹീദ്
,, വി. റ്റി. ബൽറാം
,, ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലുള്ള പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) പൈതൃക കെട്ടിടങ്ങൾ തിരിച്ചറിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(സി) തിരിച്ചറിയുന്ന കെട്ടിടങ്ങളെ പരിപാലന നടപടികളിലൂടെയും അറ്റകുറ്റപ്പണികൾ നടത്തിയും സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>റവന്യൂവകുപ്പിലെ സ്ഥലംമാറ്റം</u>

6918 ശ്രീ.കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ പൊതുസ്ഥലമാറ്റ മാനദ്ണ്ഡങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ ;

(ബി) ഇതിൽ മിനിമം ടെനർ പോളിസി ഫോർ ഗവൺമെന്റ് എംപ്ലോയീസ് എന്ന ജി.ഒ(പി)12/04/പി&എആർ.ഡി തീയതി 10.9.2004 ഉത്തരവിലെ ഖണ്ഡിക 2,4,8,12 എന്നീ നിബന്ധനകൾ അംഗീകരിച്ചിട്ടുണ്ടോ;

(സി) ലാന്റ് റവന്യൂ കമ്മീഷണറുടെ 13.7.11, 17.9.2011 എന്നീ തീയതികളിൽ പുറപ്പെടുവിച്ച സഥലംമാറ്റ ഉത്തരവുകളിൽ പ്രമോഷൻ ട്രാൻസ്ഫറുകളിൽ ഉള്ളവരും ഡെപ്യൂട്ടേഷനിൽ തുടരുന്നവരുമായവരെ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഡെപ്യൂട്ടേഷൻകാർക്ക് മാതൃവകുപ്പിലേക്ക് സ്ഥലമാറ്റം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തു തീരുമാനം എടുത്തു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഇ - ഡിസ്ട്രിക്ട് പദ്ധതി

6919 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇ-ഡിസ്ട്രിക് പദ്ധതിയിൽ ഉൾപ്പെടുത്തി വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

വില്ലേജ് ഓഫീസുകളുടെ നവീകരണം

6920 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ നവീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ വില്ലേജ് ഓഫീസുകളും കമ്പ്യൂട്ടറൈസേഷൻ ചെയ്യുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(സി) വില്ലേജ് ഓഫീസർമാർക്ക് ഇരുചക്ര വാഹനം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

വില്ലേജ് വിഭജനം

6921 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ എതെങ്കിലും വില്ലേജ് വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിലെ ജോലിഭാരം</u>

6922 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജോലിഭാരം കൂടുതൽ ആയതിനാൽ കൂടുതൽ ജീവനക്കാരെ വില്ലേജ് ഓഫീസുകളിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി

6923 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിന്നും ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് വില്ലേജ് ഓഫീസർമാർ നൽകി വരുന്നത് ;

(ബി) ഇത് സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്താകെ എത്ര വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്;

(ഡി) ബാക്കിയുള്ളവ എന്ന് ചെയ്തു തീർക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ചേർത്തല താലൂക്കാഫീസിലെ സ്ഥലംമാറ്റ ഉത്തരവ്

6924 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഓഫീസിൽ നിന്നും 20.05.2011-ലെ അ1-300/2011 നമ്പരായി ഇറക്കിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റപ്പെട്ട വില്ലേജ്മാൻമാർ ഏതെങ്കിലും ശിക്ഷണനടപടിയുടെ ഭാഗമായി മാറ്റപ്പെട്ടിട്ടുള്ളതാണോ എന്നു വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിലൂടെ ഒരേ ഓഫീസിലെ ഒരേ തസ്തികയിൽപ്പെട്ട ജീവനക്കാർ മുഴുവനായും മാറ്റപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം മാറ്റപ്പെട്ട ജീവനക്കാർ പ്രസ്തുത ഓഫീസുകളിൽ എത്രമാസമായി ജോലിചെയ്യുന്നവരാണെന്നു പറയാമോ;

(ബി) പ്രസ്തുത ഉത്തരവിലൂടെ സ്ഥലംമാറ്റപ്പെട്ടവരേക്കാൾ കൂടുതൽ കാലമായി താലൂക്ക് എസ്റ്റാബ്ലിഷ്മെന്റിനു കീഴിലെ വിവിധ വില്ലേജ് ഓഫീസുകളിൽ ജോലി ചെയ്യുന്നവർ ഉണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) ഭരണസൗകര്യത്തിനായി ഒരേ തസ്തികയിലുള്ള മുഴുവൻ ജീവനക്കാരേയും ഒരേ സമയം മാറ്റുന്നതിലൂടെ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

വില്ലേജ് ഓഫീസുകളിലെ ക്രമക്കേടുകൾ

6925 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ വിജിലൻസ് സംഘം നടത്തിയ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്രമക്കേടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) വില്ലേജാഫീസിൽ ഫീസിനത്തിലും മറ്റും ലഭിക്കുന്ന തുക ട്രഷറിയിൽ അടയ്ക്കുന്നതിന് പ്രത്യേക സമയക്രമം നിലവിലുണ്ടോ; എങ്കിൽ എത്ര ദിവസത്തിനകം ട്രഷറിയിൽ അടയ്ക്കണമെന്നാണ് വ്യവസ്ഥയെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കും സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങൾക്കും ആവശ്യമായി വരുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഒരു സമയക്രമം നിലവിലുണ്ടോ; ഇല്ല എങ്കിൽ സമയക്രമം പ്രഖ്യാപിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കോടോം വില്ലേജാഫീസിൽ ഒഴിവുള്ള തസ്തികകൾ</u>

6926 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് താലൂക്കിലെ കോടോം വില്ലേജാഫീസിൽ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഉള്ളതെന്നറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ എന്ന് നികത്തുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>റവന്യു വകുപ്പിലെ പ്രമോഷൻ</u>

6927 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യു വകുപ്പിൽ നിന്ന് വിവിധ ഗവ: സ്ഥാപനങ്ങളിലേക്കും വകുപ്പുകളിലേക്കും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ അയക്കാറുണ്ടോ;

(ബി) ഇവരുടെ സീനിയോറിറ്റി പരിഗണിക്കാതെ മറ്റു ജീവനക്കാർക്ക് മാതൃവകുപ്പിൽ പ്രമോഷൻ നടത്താറുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മാതൃവകുപ്പിൽ പ്രമോഷൻ ലഭിച്ചിട്ടും ഡെപ്യൂട്ടേഷനിൽ തുടർന്നുവരുന്ന ജീവനക്കാർക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ ട്രാൻസ്ഫർ നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>പേഴ്സണൽ സ്റ്റാഫിന്റെ ഘടന</u>

6928 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് എന്നും ഇവർ ആരൊക്കെയാണെന്നും ഏതൊക്കെ പോസ്റ്റുകളിലാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഇവരിൽ ആരെങ്കിലും ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ മറ്റാരുടെയെങ്കിലും പേഴ്സണൽ സ്റ്റാഫിൽ അംഗമായിരുന്നിട്ടുണ്ടോ;

(സി) എങ്കിൽ ആരുടെ പേഴ്സണൽ സ്റ്റാഫിൽ ഏത് കാലയളവിലായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത വ്യക്തി ഏതു തീയതി മുതൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>നെൻമാറ മണ്ഡലത്തിലെ മിച്ചഭൂമി</u>

6929 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൻമാറ മണ്ഡലത്തിൽ എത്ര ഏക്കർ മിച്ചഭൂമി നിലവിലുണ്ട്; വില്ലേജ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) മിച്ചഭൂമി സ്ഥലം സർക്കാർ ആവശ്യത്തിന് ഏറ്റെടുക്കാൻ കഴിയുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പട്ടയം നൽകുന്നതിന് നടപടി</u>

6930 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗ്രാമപഞ്ചായത്തിലെ മൂടപ്പുഴ ഡാമിനടുത്ത് കാലങ്ങളായി താമസിച്ചു വരുന്ന കൈവശാവകാശ രേഖയുള്ള 4 പട്ടികജാതി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പട്ടയം അനുവദിച്ച് നൽകുന്നതിന് നേരിടുന്ന തടസ്സങ്ങൾ</u>

6931 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട, കോടശ്ശേരി, വില്ലേജിലെ നായരങ്ങാടി ദേശത്ത് സർവ്വേ നമ്പറുകൾ 681, 682 ലുള്ള 12 ഏക്കർ ഭൂമിയിലെ സ്ഥിരതാമസക്കാരായ എഴുപതോളം കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ചീമേനിയിലെ കൈവശക്കാർക്ക് പട്ടയം</u>

6932 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ ചീമേനിയിലെ കൈവശക്കാർക്ക് പട്ടയം നൽകാൻ തീരുമാനിച്ചുവെങ്കിലും നൂറിൽ അധികം കൈവശക്കാർക്ക് ഇനിയും പട്ടയം ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

നെൻമാറ മണ്ഡലത്തിലെ റവന്യൂ പുറംപോക്കിൽ
പട്ടയം വിതരണം

6933 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൻമാറ മണ്ഡലത്തിലെ റവന്യൂ പുറംപോക്കിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾക്ക് പട്ടയം വിതരണം നടത്തിയിട്ടുണ്ട്;

(ബി) ഇനി എത്ര കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാനുണ്ട്;

(സി) നിലവിൽ പട്ടയം വിതരണം നടത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

പട്ടയവസ്തുവിന്റെ കണക്കെടുപ്പ്

6934 ശ്രീ. റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇടുക്കി ജില്ലയില്‍ ഉടുമ്പന്‍ചോല താലൂക്കില്‍ തങ്കമണി വില്ലേജില്‍ കാമാക്ഷി ഗ്രാമപഞ്ചായത്തില്‍ കാല്‍വരി മൗണ്ട് ഭാഗത്ത് ഇല്ലിക്കല്‍ വീട്ടില്‍ ശ്രീ. കുര്യന്‍ ജോസഫിന് തങ്കമണി വില്ലേജില്‍ ബ്ലോക്ക് 40-ല്‍ സര്‍വ്വേ നമ്പര്‍ 567/3, 567/4-ല്‍ എത്ര ഹെക്ടര്‍ പട്ടയവസ്തു ഉണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വ്യക്തിക്ക് എന്നാണ് പട്ടയം നല്കിയത്; പട്ടയം നല്‍കുന്നതിന് ആധാരമായ എല്‍.എ. (ഫ.അ.1157/00) ഫയല്‍ എവിടെയാണ് സൂക്ഷിച്ചിട്ടുളളത്; ആയതിന്റെ ഒരു പകര്‍പ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുതയാള്‍ക്ക് ലഭിച്ച പട്ടയം സീല്‍ ചെയ്ത് വാങ്ങുന്നതിന് ബന്ധപ്പെട്ട എല്‍.എ. ഓഫീസില്‍ എന്നാണ് ഹാജരാക്കിയത്; ആയത് സീല്‍ ചെയ്ത് നല്‍കിയോ;

(ഡി) ഇല്ല എങ്കില്‍ പട്ടയം ബന്ധപ്പെട്ട എല്‍.എ. ഓഫീസില്‍ നിന്ന് സീല്‍ ചെയ്തു നല്‍കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>മിസ്പട്ടയം</u>

6935 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ കൊടലമൊഗറു വില്ലേജിൽ ഘഅ/ത/70 നമ്പർ പ്രകാരം ഭാസ്ക്കരപണിക്കർ എന്നയാൾക്ക് എത്ര ഏക്കർ സ്ഥലമുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഭൂമി നിലവിൽ ആരുടെ കൈവശമാണെന്നും ഉടമസ്ഥൻ ഭാസ്ക്കരപണിക്കർ ജീവിച്ചിരിപ്പുണ്ടോയെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത ഭൂമി മിസ് പട്ടയം 312 ആയി 7-ാം നമ്പർ അക്കൗണ്ടിൽ ചേർക്കപ്പെട്ട ഭൂമിയാണോ ;

(ഡി) എങ്കിൽ ഇതേ സ്ഥലം മിസ് പട്ടയമായി 1376-ാം നമ്പരായി വീണ്ടും 7-ാം നമ്പർ അക്കൗണ്ടിൽ ചേർത്തിട്ടുണ്ടോ ;

(ഇ) ഒരു പ്രാവശ്യം പോക്കുവരവ് നടത്തി തണ്ടപ്പേരിൽ ഉൾപ്പെടുത്തിയ ഭൂമി രണ്ടാമതും ചേർക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ ; ആയത് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടാണോ ഇങ്ങനെ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പട്ടയം നൽകൽ</u>

6936 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടയം നൽകാനായി എത്ര ഹെക്ടർ വനഭൂമി വിട്ടു നൽകിയിട്ടുണ്ട് ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം</u>

6937 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള പ്രപ്പോസൽ ഇപ്പോൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; മൊത്തം എത്ര പ്രപ്പോസലുകളാണ് മണ്ഡലത്തിൽ നിന്ന് പരിഗണനയിലുള്ളത്;

(സി) മണ്ഡലത്തിൽ ഏതൊക്കെ കോളനികളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കാണ് പട്ടയം നൽകാനുദ്ദേശിക്കുന്നത്; കോളനിയുടെ പേരും ഓരോന്നിലും എത്ര പട്ടയം വീതം നൽകാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) പട്ടയം ലഭിക്കാത്തതുമൂലം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന കടുത്ത പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ നടപടികൾ പൂർത്തീകരിച്ച് ഇവർക്ക് എന്ന് പട്ടയം നൽകാനാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അലയമൺ പഞ്ചായത്തിൽ പട്ടയം</u>

6938 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ അലയമൺ പഞ്ചായത്തിൽ കുട്ടനാട് മേഖലയിൽ നിരവധി കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം കൊടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

## പട്ടയം ലഭിക്കുന്നതിനുള്ള നടപടി

6939 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്ക്, മാറഞ്ചേരി വില്ലേജ്, കാഞ്ഞിരമുക്ക് -അത്താണി പ്രദേശത്ത് 183/73 സർവ്വേ നമ്പരിൽ 20 വർഷമായി താമസിക്കുന്ന 85 കുടുംബങ്ങൾക്ക് നാളിതുവരെയും പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരൂർ ലാന്റ് ട്രിബ്യൂണൽ ഓഫീസിൽ ഇതു സംബന്ധിച്ച പരാതി ഇതുവെരയും തീർപ്പാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇവർക്ക് എന്ന് പട്ടയം നൽകാനാകും; വിശദമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

## ലാൻഡ് അസൈൻമെന്റ് ആക്ട്

6940 വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ലാന്റ് അസൈൻമെന്റ് റൂൾസ് 9(11) പ്രകാരം അസസ്മെന്റ് ഓർഡറും ചെല്ലാനും കൊടുത്തിട്ടുള്ളതും എല്ലാ തുകകളും ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതും എന്നാൽ 5 വർഷം കഴിഞ്ഞിട്ടും പട്ടയം അനുവദിച്ചിട്ടില്ലാത്തതായ ഭൂമി, തറവില മുതലായ എല്ലാ തുകയും ട്രഷറിയിൽ ഒടുക്കിയിട്ടുള്ള വ്യക്തിക്ക് പട്ടയം ലഭിക്കുന്നതിന് മുൻപ് പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിയമ തടസ്സം ഉണ്ടോ; വിശദമാക്കാമോ;

(ബി) കൈമാറ്റം ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷം ;

(സി) അസൈൻമെന്റ് ആക്ട് 1960 സെക്ഷൻ 8ൽ പ്രതിപാദിച്ചിരിക്കുന്ന എസ്.സി 625 1977(1) സെക്ഷൻ 213-ാം നമ്പർ സുപ്രീം കോടതി വിധിപ്രകാരം സർക്കാരിലേക്ക് അടക്കേണ്ടതായ തുകകൾ അടച്ചിട്ടുള്ളതും എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ എല്ലാവർക്കും പൊതുവിൽ ബാധകമാണോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

**കൈവശാവകാശ രേഖ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

6941 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യു വകുപ്പിൽ കൈവശാവകാശരേഖ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ എന്നീ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൈവശാവകാശരേഖ, സൈറ്റ് പ്ലാൻ, ലൊക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനായി ശ്രീ.ശ്രീകണ്ഠൻ, ആവണി, മാമ്പഴക്കര, പെരുമ്പഴുതൂർ, ശ്രീ.ശ്രീകുമാർ, ശ്രീസദനം, ഇടത്തറ, ശ്രീ.രാജശേഖരൻ നായർ, പ്രണവം, മാമ്പഴക്കര, ശ്രീമതി പത്മകുമാരി, പി.കെ.സദനം,മാമ്പഴക്കര, എന്നിവർ തിരുവനന്തപുരം ജില്ലയിലെ പെരുമ്പഴുതൂർ വില്ലേജാഫീസിൽ അപേക്ഷ നൽകിയത് എന്നാണെന്നും, എന്തുകൊണ്ടാണ് നാളിതുവരെ സർട്ടിഫിക്കറ്റ് നൽകാതിരുന്നതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയത്തിൽ വസ്തു സർക്കാർ പതിച്ച് നൽകിയതാണോ അതോ വിലയാധാരമാണോയെന്നും, പട്ടയവും കരം തീരുവയും ആരുടെ പേരിലാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഉമടമസ്ഥത സംബന്ധിച്ച് ഏതെങ്കിലും തർക്കമോ, പരാതിയോ, കോടതി ഉത്തരവുകളോ പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് വിലക്ക് കൽപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) വസ്തുഉടമ ആവശ്യപ്പെട്ടിരിക്കുന്നതും, നിയമപരമായി അവകാശപ്പെട്ടതുമായ സർട്ടിഫിക്കറ്റുകൾ അടിയന്തിരമായി നൽകുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>സര്‍വ്വേ ഓഫീസുകളുടെ പ്രവര്‍ത്തനം</u>

6942 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എന്‍. പ്രതാപന്‍
,, കെ. അച്ചുതന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വേ ഓഫീസുകളിലെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ എടുത്തിട്ടുള്ള നടപടികള്‍ എന്തെല്ലാം;

(ബി) ഓഫീസുകളില്‍ ലഭിക്കുന്ന അപേക്ഷകളിന്മേല്‍ യഥാസമയം നടപടികള്‍ എടുക്കാതെ ഇരിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അവസ്ഥക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ഡി) സര്‍വ്വേ ഓഫീസുകളില്‍ മിന്നല്‍ പരിശോധനകള്‍ നടത്തി ഇത്തരം നടപടികള്‍ക്ക് പരിഹാരം കാണുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വില്ലേജുകളിൽ റീസർവ്വേ</u>

6943 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര വില്ലേജുകളിൽ റീസർവ്വേ കഴിഞ്ഞിട്ടുണ്ട് ;

(ബി) വില്ലേജുകളുടെ പേരുകൾ വ്യക്തമാക്കാമോ ;

(സി) റീസർവ്വേ പൂർത്തീകരിക്കാനുള്ള വില്ലേജുകളിൽ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>റീസര്‍വ്വേ പൂര്‍ത്തീകരണം</u>

6944 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

തൃശൂര്‍ ജില്ലയിലെ വില്ലേജുകളില്‍ റീസര്‍വ്വേ പൂര്‍ത്തീകരിക്കുന്നതിനു സ്വീകരിച്ച നടപികള്‍ എന്തൊക്കെയാണ്?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ഭൂമി ഏറ്റെടുക്കൽ നടപടി</u>

6945 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസിന്റെ പഴയ കെട്ടിടം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് കളക്ടറേറ്റിൽ എൻ.3 38511/2011 നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സാംസ്കാരിക വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആവശ്യപ്പെട്ട വിവരങ്ങൾ സാംസ്കാരിക വകുപ്പിന് എപ്പോഴത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>റീസർവ്വേ</u>

6946 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഓഫീസിനുകീഴിലുള്ള വിവിധ വില്ലേജുകളിൽ റീ സർവ്വേ സംബന്ധിച്ച എത്ര ആക്ഷേപങ്ങൾ ഇനിയും പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട് എന്ന് വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ; റീ സർവ്വേ പരാതികൾ പരിഹരിക്കപ്പെടാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) തണ്ണീർമുക്കം വടക്ക് വില്ലേജിൽ പെരുമ്പള്ളിൽ വീട്ടിൽ സതി, എം. എസ്. എ. 107/99, 88/99 നമ്പരുകളിലായി സമർപ്പിച്ചിരുന്ന റീ സർവ്വേ സംബന്ധമായ ആക്ഷേപങ്ങളുടെ തീർപ്പ് വിവരം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് യാതൊരറിയിപ്പും കക്ഷിക്ക് ഇതുവരെയും നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>റീസർവ്വേ പരാതികൾ</u>

6947 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് റീസർവ്വേ പൂർത്തീയാക്കുവാനുള്ളത് ;

(ബി) റീസർവ്വേ സംബന്ധിച്ച് എത്ര പരാതികൾ തീർപ്പാക്കുവാനുണ്ട് ;

(സി) ഇതു സംബന്ധിച്ച് ജില്ല, താലൂക്ക് തലത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

അതിരത്തിൽ കോളനി നിവാസികളുടെ സ്ഥലത്തിന്റെ രേഖകൾ

6948 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ, തരിയോട് ഗ്രാമപഞ്ചായത്ത് അതിരത്തിൽ കോളനി നിവാസികൾ വിലകൊടുത്തു വാങ്ങിയ സ്ഥലത്തിനു മതിയായ രേഖകൾ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു മൂലം പണിയ സമുദായത്തിൽപ്പെട്ട എട്ട് കുടുംബങ്ങൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിശോധിച്ച് ആവശ്യമായ പരിഹാര നടപടി സ്വീകരിക്കുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഇവർക്ക് വില കൊടുത്ത് വാങ്ങിയ സ്ഥലത്തിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അളവ് തൂക്ക ഉപകരണങ്ങളുടെ പുന:പരിശോധന</u>

6949 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ നിലവിൽ വകുപ്പുതല ഉദ്യോഗസ്ഥൻമാർ നടത്തുന്ന അളവ് തൂക്ക ഉപകരണങ്ങളുടെ പുന:പരിശോധനാ സംവിധാനം മറ്റ് ഏജൻസികൾക്ക് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനമെടുക്കാനുള്ള കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ലീഗൽ മെട്രോളജി</u>

6950 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിൽ ഇന്ധനങ്ങളുടെ അളവ് സംബന്ധിച്ച് ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്താറുണ്ടോ;

(ബി) ഇത്തരം പരിശോധനകളിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; ക്രമക്കേട് നടത്തിയവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചത്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് എ. സി. പി. ക്കെതിരെയുള്ള കേസുകള്‍</u>

6951 ശ്രീ.എ.പ്രദീപ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണര്‍ രാധാകൃഷ്ണപിള്ളക്കെതിരെ രജിസ്റ്റര്‍ ചെയ്ത ഢഇ/10/2009 കേസിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത എ.സി.പി ക്കെതിരെ എന്തെല്ലാം കണ്ടെത്തലുകളാണ് അനേ്വഷണ സംഘം നിര്‍ദ്ദേശിച്ചതെന്നും പ്രസ്തുത കേസില്‍ എന്നാണ് സര്‍ക്കാര്‍ പ്രോസികൃൂഷന്‍ അനുമതി നല്‍കിയതെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേസില്‍ എന്നാണ് കോടതിയില്‍ കുറ്റപ്പത്രം സമര്‍പ്പിച്ചതെന്നും, പ്രസ്തുത എ.സി.പിക്കെതിരെ നാളിതുവരെ എത്ര പരാതികള്‍ ലഭിച്ചിട്ടുണ്ടെന്നും, എത്ര ക്രിമിനല്‍ കേസുകളും, എത്ര വിജിലന്‍സ് കേസുകളും രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

വിജിലൻസ് കേസിൽ അദ്ധ്യാപകനെതിരെ നടപടി

6952 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 11653/ബി1/2010/വിജിലൻസ് നമ്പർ ഫയലിൽ കേസിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥൻ ക്രമരഹിതമായി ശമ്പളം കൈപ്പറ്റിയതായ വിജിലൻസ് റിപ്പോർട്ടിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കുറ്റക്കാരനായ അദ്ധ്യാപകനെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഒക്ടോബർ 10-ന് കോഴിക്കോട് നടന്ന വെടിവെയ്പ്

6953 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഒക്ടോബർ 10ന് കോഴിക്കോട് വിദ്യാർത്ഥികൾക്ക് നേരെ വെടിവെച്ചപ്പോൾ സംഭവസ്ഥലത്ത് നിർദ്ദേശങ്ങൾ നൽകാൻ ഉണ്ടായിരുന്ന റവന്യു ഉദ്യോഗസ്ഥൻ ആരായിരുന്നു;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനും ജില്ലാകളക്ടറും മറ്റേതെങ്കിലും റവന്യു അധികാരികളും പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് എന്തെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെ റിപ്പോർട്ട് നൽകിയെന്ന് വെളിപ്പെടുത്താമോ?

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് റവന്യൂ അധികാരികൾ നൽകിയ എല്ലാ റിപ്പോർട്ടുകളുടെയും പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>വിജിലന്‍സ് അന്വേഷണങ്ങളുടെ മാനദണ്ഡം</u>

6954 ശ്രീ. സി. കെ. സദാശിവന്‍
,, സി. കൃഷ്ണന്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിജിലന്‍സ് വകുപ്പിനെ രാഷ്രടീയ പ്രേരിതമായി ഉപയോഗിക്കുന്നു എന്ന ആക്ഷേപങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) രാഷ്ട്രീയ വൈരാഗ്യം തീര്‍ക്കാന്‍ വിജിലന്‍സ് അന്വേഷണങ്ങള്‍ക്ക് ഉത്തരവിടുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കുമോ;

(സി) വിജിലന്‍സ് അന്വേഷണത്തിന് ഉത്തരവിടുന്നതിന്റെ മാനദണ്ഡം എന്താണ്? വിശദമാക്കാമോ?